B2/153/2024-CLAD
"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യവകുപ്പ് - ജീവനക്കാര്യം - സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ കോഴിക്കോട് റീജിയണൽ ആർക്കൈവ്സിൽ ഡ്രൈവർ ഗ്രേഡ് 1 തസ്തികയിൽ സേവനത്തിലിരിക്കെ സസ്പെൻഷനിലാകുകയും തുടർന്ന് സസ്പെൻഷൻ കാലയളവിൽ മരണപ്പെടുകയും ചെയ്ത ദയകുമാർ ടി യുടെ മകൻ ശ്രീ ഗോകുൽദാസ് ഡി യെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സംസ്ഥാന പോലീസ് വകുപ്പിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.12/2026/CLAD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:-

1. സ.ഉ.(പി)നം.12/99/പി.&എ.ആർ.ഡി, തീയതി 24.05.1999.
2. സ.ഉ.(അച്ചടി)നം.4/2025/പി.&എ.ആർ.ഡി, തീയതി 29.03.2025.
3. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീ. ഗോകുൽദാസ് ഡി സമർപ്പിച്ച 17.07.2024 തീയതിയിലെ അപേക്ഷ.
4. ആർക്കൈവ്സ് വകുപ്പ് ഡയറക്ടറുടെ 07.08.2024 തീയതിയിലെ ഇ1/759/2024/എസ്.എ നമ്പർ കത്ത്.
5. കൊല്ലം ജില്ലാ കളക്ടറുടെ 27.01.2025 തീയതിയിലെ DCKLM/8731/2024-S4 നമ്പർ കത്ത്.
6. ശ്രീ ഗോകുൽദാസ് ഡി യുടെ 19/03/2025 തീയതിയിലെ സമർപ്പണം.
7. ആഭ്യന്തര (കെ) വകുപ്പിൽ നിന്നുള്ള 19.09.2025 തീയതിയിലെ കെ3/45/2025-ആഭ്യന്തരം നമ്പർ അനൗദ്യോഗിക കുറിപ്പ്.
8. പൊതുഭരണ (സർവീസസ് - ഡി) വകുപ്പിൽ നിന്നുള്ള 11.11.2025 തീയതിയിലെ എസ്.ഡി3/19/2025-പൊ.ഭ.വ നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ സർവ്വീസിലിരിക്കേ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം

ലഭിക്കുന്നതിലേക്കായി സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ കോഴിക്കോട് റീജിയണൽ ആർക്കൈവ്സിൽ ഡ്രൈവർ ഗ്രേഡ് 1 തസ്തികയിൽ സേവനത്തിലിരിക്കെ സസ്പെൻഷനിലാകുകയും തുടർന്ന് സസ്പെൻഷൻ കാലയളവിൽ **18.02.2024** ൽ മരണപ്പെടുകയും ചെയ്ത ദയകുമാർ ടി യുടെ മകൻ ശ്രീ. ഗോകുൽദാസ് ഡി പരാമർശം **(3)** പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

**2.** മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ കുടുംബാംഗങ്ങളിൽ ആരും തന്നെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ഇതിനോടകം പ്രയോജനപ്പെടുത്തിയിട്ടില്ലെന്നും പരേതന്റെ അനന്തരാവകാശികൾ എല്ലാം തന്നെ അവരവരുടെ അവകാശം അപേക്ഷകന് അനുകൂലമായി വിട്ടൊഴിഞ്ഞിട്ടുള്ളതാണെന്നും കൊല്ലം ജില്ലാ കളക്ടർ പരാമർശം **(5)** പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകന്റെ ജനനതീയതി **20.01.2003** ആണ്. അപേക്ഷകൻ **SSLC** യും **VHSE** യും പാസ്സ് ആയിട്ടുള്ളതാണ്. പരാമർശം **(1)** ഉത്തരവിലെ നിബന്ധനകൾ പ്രകാരം അപേക്ഷകന് ജോലി ലഭിക്കുന്നതിന് അർഹതയുണ്ടെന്നും, ശ്രീ ഗോകുൽദാസ്. ഡി ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമാനുസൃതം നിയമനം നൽകുന്നതിലേക്ക് പരിഗണിക്കാവുന്നതാണെന്നും കൊല്ലം ജില്ലാ കളക്ടർ പരാമർശം **(5)** പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

**3.** അപേക്ഷകന്റെ യോഗ്യത അനുസരിച്ച് ക്ലർക്ക് തസ്തികയിലേക്കുള്ള നിയമനത്തിനാണ് ആദ്യം അപേക്ഷ സമർപ്പിച്ചിരുന്നത്. ആർക്കൈവ്സ് വകുപ്പിൽ ക്ലർക്ക് തസ്തികയുടെ ഒഴിവുകളൊന്നും നിലവിലില്ല എന്ന് പരാമർശം **(4)** പ്രകാരം ആർക്കൈവ്സ് വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. ആയതിനാൽ മറ്റ് സർക്കാർ വകുപ്പുകളിൽ ക്ലർക്ക് തസ്തികയിൽ നിയമനത്തിന് പരിഗണിക്കുന്നതിനായി അപേക്ഷകന്റെ വിവരങ്ങൾ ഉൾപ്പെടുത്തി പ്രൊഫോർമ പൊതുഭരണ (സർവീസസ് ഡി) വകുപ്പിന് കൈമാറുകയുണ്ടായി.

**4.** ആദ്യം അപേക്ഷ സമർപ്പിച്ചിരുന്ന ക്ലർക്ക് തസ്തികയിൽ ജോലി ലഭിക്കാൻ കാലതാമസം വരുമെന്നതിനാൽ തന്നെ പോലീസ് വകുപ്പിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് നിയമനത്തിനായി പരിഗണിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ ഗോകുൽദാസ്. ഡി പരാമർശം **(6)** പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷകൻ പോലീസ് കോൺസ്റ്റബിൾ തസ്തികയ്ക്ക് ആവശ്യമായ കായിക ആരോഗ്യ ശാരീരിക ക്ഷമതാ പരീക്ഷ വിജയിച്ചതായും ടിയാൻ പ്രസ്തുത തസ്തികയിലേക്ക് പരിഗണിക്കുന്നതിന് യോഗ്യനാണെന്നും പരാമർശം **(7)** പ്രകാരം ആഭ്യന്തര വകുപ്പിൽ നിന്ന് അറിയിച്ചിരുന്നു. ടി സാഹചര്യത്തിൽ ടിയാനെ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് കൂടി പരിഗണിക്കുന്നതിനായി ഭേദഗതി വരുത്തിയ പ്രൊഫോർമ പൊതുഭരണ (സർവീസസ്-ഡി) വകുപ്പിന് കൈമാറുകയും, സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് നിയമനം നൽകുന്നതിനായി സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിൽ ഒന്നിലേക്ക് ശ്രീ ഗോകുൽദാസ് ഡി യെ നിയമിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഉത്തരവ്

പുറപ്പെടുവിക്കാവുന്നതാണെന്ന് പരാമർശം (8) പ്രകാരം പൊതുഭരണ (സർവീസസ് ഡി) വകുപ്പിൽ നിന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ സംസ്ഥാന പുരാരേഖാ വകുപ്പിന്റെ കോഴിക്കോട് റീജിയണൽ ആർക്കൈവ്സിൽ ഡ്രൈവർ ഗ്രേഡ് 1 തസ്തികയിൽ സേവനത്തിലിരിക്കെ സസ്പെൻഷനിലാകുകയും തുടർന്ന് സസ്പെൻഷൻ കാലയളവിൽ 18.02.2024 ന് മരണപ്പെടുകയും ചെയ്ത ദയകുമാർ ടി യുടെ മകൻ ശ്രീ ഗോകുൽദാസ് ഡി യെ 17.07.2024 valid application date ആയി നിശ്ചയിച്ചുകൊണ്ട് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സംസ്ഥാന പോലീസ് വകുപ്പിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. അപേക്ഷകൻ തെരഞ്ഞെടുത്തിട്ടുള്ള ജില്ല സംബന്ധിച്ച് പരാമർശം (2) ഉത്തരവിലെ ഖണ്ഡിക XVIII ലെ 2 പ്രകാരം സംസ്ഥാന പോലീസ് മേധാവി നടപടി സ്വീകരിക്കേണ്ടതാണ്. അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസയോഗ്യത, സ്വഭാവം, പൂർവ്വചരിത്രം, വൈദ്യപരിശോധനാ സർട്ടിഫിക്കറ്റ് തുടങ്ങിയവ ചട്ടപ്രകാരം പരിശോധിച്ച ശേഷം സംസ്ഥാന പോലീസ് മേധാവി നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആയതിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. മരണമടഞ്ഞ ജീവനക്കാരന്റെ സേവനപുസ്തകത്തിലും ടിയാൾ അവസാനം സേവനമനുഷ്ഠിച്ച ഓഫീസിലെ ജീവനക്കാര്യ പതിവേടിലും ഈ നിയമനം സംബന്ധിച്ച ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ, അടുത്തിടെ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് അപേക്ഷകൻ നിയമനാധികാരി മുമ്പാകെ ഹാജരാകേണ്ടതാണ്.

7. അപേക്ഷയിലോ, നിയമനത്തോടനുബന്ധിച്ച വകുപ്പുതല അന്വേഷണ സമയത്തോ തെറ്റായ വിവരം ധരിപ്പിച്ചതായോ ഏതെങ്കിലും വിവരം മറച്ചു വച്ചതായോ ബോധ്യപ്പെടുന്ന പക്ഷം ഈ നിയമനം റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം (രജിസ്റ്റേർഡ് പോസ്റ്റ്)

ഡയറക്ടർ, ആർക്കൈവ്സ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ ഗോകുൽദാസ് ഡി, ജയഭവനം, S.N പുരം, പവിത്രേശ്വരം P.O, കൊല്ലം 691507 (രജിസ്റ്റേർഡ് പോസ്റ്റ്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ, ഐ & പി. ആർ. ഡി

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Renju. A. R

Date: 06-01-2026 17:11:06

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹ. പുരാവസ്തു പുരാരേഖ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതുഭരണ സർവ്വീസസ് (ഡി) വകുപ്പ്
ആഭ്യന്തരം (കെ) വകുപ്പ്